വ്യത്യാസം വന്നതിനെത്തുടർന്ന് സ്ളാബുകളിൽ വാഹനങ്ങൾ കയറാനും അവ പാർക്ക് ചെയ്യാനും ഇടയായി. വാഹനങ്ങളുടെ ഭാരം താങ്ങാൻ പര്യാപ്തമായ തരത്തിലല്ല ഇവയുടെ നിർമ്മാണം. ഈ സാഹചര്യത്തിലാണ് സ്ളാബുകൾ തകർന്നത്. കൂടാതെ ഓടകളിൽകൂടി ഒഴുകുന്ന മലിനജലവും അതിൽ നിന്നുള്ള രാസവാതകങ്ങളും സ്ളാബുകളും അതിനകത്തുള്ള കമ്പികളും വേഗം നശിക്കുന്നതിന് കാരണമായതായി തെളിഞ്ഞിട്ടുണ്ട്. പൊളിഞ്ഞതും പഴകിയതുമായ സ്ളാബുകൾ മാറ്റി പുതിയവ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

157 (1378) കിസുമം-അട്ടത്തോട് വൺവേ നിർമ്മാണം

<u>ശ്രീമതി ഗിരിജാ സുന്ദരന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല റോഡുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ തുലാപ്പള്ളിയിൽനിന്നും കിസുമം-അട്ടത്തോട്വഴി പമ്പാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ എത്തുന്ന നിർദ്ദിഷ്ട വൺവേ നിർമ്മിക്കുവാൻ ഇതുവരെ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

(ബി) വനംവകുപ്പിന്റെ ഭൂമി റോഡ് നിർമ്മാണത്തിനായി ലഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ ജോലി നടന്നുകൊണ്ടിരിക്കുന്നു. വനം വകുപ്പിന്റെ സ്ഥലം ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ഈ റോഡിന്റെ ഒരു ഭാഗം കൂട്ടായ പരിശോധന നടത്തി. ബാക്കി ഭാഗം കൂടി സ്ഥല പരിശോധന നടത്തുന്നതിനും വനം വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

158 (1379) കിള്ളിപ്പാലം-കരമനപ്പാലം റോഡ് വികസനം, കരമനപ്പാലം വികസനം എന്നിവ

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിള്ളിപ്പാലം-കരമന പാലം റോഡ് വികസനം, കരമന പാലം വികസനം എന്നിവയോടനുബന്ധിച്ച് ചാല ഗവണ്മെന്റ് എൽ.പി.എസ്., കരമന ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്ന് സ്ഥലം വിട്ടു കൊടുക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സ്കൂളുകളുടെ വക സ്ഥലം വിട്ടുകൊടുക്കാത്തതിനാൽ പ്രസ്തുത വികസന പദ്ധതികൾക്ക് കാലതാമസം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തിരമായി വികസനത്തിനാവശ്യമായ സ്ഥലം വിട്ടു കൊടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly